(എ) സംസ്ഥാനത്ത് ഓരോ വർഷവും പാൽ ഉല്പാദനത്തിൽ ഉണ്ടാകുന്ന വർദ്ധനയെത്രയാണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) കറവപ്പശുക്കളുടെ എണ്ണത്തിലുള്ള വർദ്ധനമൂലമാണോ ഉല്പാദനക്ഷമതയിലുള്ള വർദ്ധനവുമൂലമാണോ സംസ്ഥാനത്ത് പാൽ ഉല്പാദനത്തിൽ വർദ്ധനവുണ്ടാകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ പശുക്കളുടെ ഉല്പാദനക്ഷമത മറ്റു സംസ്ഥാനങ്ങളുടേതുമായി താരതമ്യപ്പെടുത്തുമ്പോൾ കൂടുതലാണോ കുറവാണോ എന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ശരാശരി 3.9 ശതമാനം.

(ബി) ഉല്പാദനക്ഷമതയിലുള്ള വർദ്ധനവുമൂലമാണ് ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടാകുന്നത്.

(സി) കണക്കാക്കപ്പെട്ടിട്ടില്ല.

പാലിലെ ഫാറ്റിന്റെ അളവ്

91 [3372] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
„ ലൂഡി ലൂയിസ്:
„ എ. പി. അനിൽകുമാർ:
„ വി. ജെ. പൗലോസ്:
„ തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പാലിലെ ഫാറ്റിന്റെ അളവ് എത്രയാണ്;

(ബി) മിൽമയ്ക്ക് നൽകുന്ന പാൽ വിതരണത്തിന് തയ്യാറാകുമ്പോൾ ഇതിൽ നിന്നും എത്ര ഫാറ്റ് നീക്കുന്നുണ്ട്;

(സി) മിൽമാ പാലിൽ പ്രിസർവേറ്റീവായി എന്തെല്ലാം രാസദ്രവ്യങ്ങൾ ചേർക്കുന്നുണ്ട്;

(ഡി) ഓരോ അര ലിറ്റർ പാലിലും ഈ രാസദ്രവ്യത്തിന്റെ അളവെത്രയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശരാശരി 4.25 ശതമാനം.

(ബി) നീക്കപ്പെടുന്ന കൊഴുപ്പിന്റെ വ്യക്തമായ അളവ് പറയുവാൻ കഴിയുകയില്ല. എന്നാൽ മിൽമ വിതരണം ചെയ്യുന്ന ടോൺഡ് മിൽക്കിൽ 3% ഫാറ്റും സ്റ്റാൻഡേർഡൈസ്ഡ് ഫാറ്റിൽ 4.5 % ഫാറ്റും അടങ്ങിയിരിക്കുന്നു. സ്കിംഡ് മിൽക്ക് ചേർത്ത് കൊഴുപ്പിന്റെ അളവ് ക്രമീകരിച്ചാണ് ടോൺഡ് മിൽക്കും ഡബിൾ ടോൺഡ് മിൽക്കും ഉല്പാദിപ്പിക്കുന്നത്.

(സി, ഡി) മിൽമാ പാലിൽ ഒരു പ്രിസർവേറ്റീവും ചേർക്കാത്തതിനാൽ രാസവസ്തുക്കളൊന്നും തന്നെ മിൽമാ പാലിൽ ഉണ്ടായിരിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly